(ബി) 24-4-2002-ലെ ജി.ഒ. (എം.എസ്.) 6/2002/പി.ഡബ്ല്യു.ഡി. (ബി) എന്ന ജി.ഒ.-യിലെ അനക്ഷർ II-ൽ കൊടുത്തിരിക്കുന്ന 791 ഡ്രാഫ്റ്റ്സ്മാൻ/ഓവർസിയർ തസ്തികകളിൽ ഉൾപ്പെട്ട 238 ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ തസ്തികകൾ ഏതെല്ലാം ഓഫീസുകളിൽ നിന്നും പുനർവിന്യസിച്ചതാണെന്ന് വെളിപ്പെടുത്തുമോ;

(സി) ആർക്കിടെക്ച്ചറൽ വിംഗിലെ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ എത്ര തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഈ തസ്തികകൾ പുനർവിന്യസിച്ചിട്ടുണ്ടോ;

(ഡി) പി.ഡബ്ല്യു.ഡി.-യിൽ തസ്തിക വെട്ടിക്കുറക്കലിന്റെയും പുനർവിന്യാസത്തിന്റെയും ഭാഗമായി ഏതെങ്കിലും ജീവനക്കാരെ റിട്രഞ്ച് ചെയ്തിട്ടുണ്ടോ;

(ഇ) ആർക്കിടെക്ച്ചറൽ വിഭാഗത്തിലെ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ തസ്തികകൾ വെട്ടിക്കുറച്ച് സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമക്കാരെ പുനർവിന്യസിക്കുന്നതിന് പകരം അവരെ റിട്രഞ്ച് ചെയ്തത് ക്രമാനുസൃതമാണോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

പൊതുമരാമത്ത് വകുപ്പിലെ പുനർവിന്യാസ നടപടികൾ

298 [2355] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ പുനർവിന്യാസ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ബി) പൊതുമരാമത്ത്/ഇറിഗേഷൻ ഓവർസിയർ/ട്രേസർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി; നിലവിൽ എത്ര ഒഴിവുകളാണ് പ്രസ്തുത തസ്തികയിൽ ഉള്ളത്;

(സി) പി.ഡബ്ല്യു.ഡി./ഇറിഗേഷൻ വകുപ്പ് ഓവർസിയർ/ട്രേസർ ഒഴിവുകൾ ഓഫീസ് തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) നിലവിൽ എൻ.ജെ.ഡി. വേക്കൻസികൾ എത്രയുണ്ട്; എൻ.ജെ.ഡി. വേക്കൻസികൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഇ) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം നേരിടാൻ എന്താണ് കാരണം;

(എഫ്) നിലവിലുള്ള ഒഴിവുകൾ അടിയന്തിരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് ഗവൺമെന്റ് നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ വർഷാവസാനത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിൽ 322 പേർക്ക് നിയമനം കൊടുത്തു. ഇപ്പോൾ അഡ്വൈസ് ലഭിച്ച 216 പേരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇറിഗേഷനിൽ 308 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഇറിഗേഷനിലെ ഒഴിവുകൾ കണക്കാക്കിവരുന്നു.

(സി) പൊതുമരാമത്ത് വകുപ്പിലെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇറിഗേഷനിലെ ഒഴിവുകൾ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.†

(ഡി) പൊതുമരാമത്ത് വകുപ്പിൽ 6 എൻ.ജെ.ഡി. വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 3 എൻ.ജെ.ഡി. വേക്കൻസികൾ റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇറിഗേഷനിൽ 85 എൻ.ജെ.ഡി. വേക്കൻസികൾ നിലവിൽ ഉണ്ട്. ആയത് പി.എസ്.സി.-യെ അറിയിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(ഇ) കാലതാമസം ഉണ്ടാകാറില്ല.

(എഫ്) 'ഡി', 'ഇ' എന്നിവയ്ക്കുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ പ്രത്യേക നിർദ്ദേശം നൽകേണ്ടതായി കാണുന്നില്ല.

മരാമത്ത് വകുപ്പിലെ ആർക്കിടെക്ച്ചറൽ വിഭാഗത്തിൽ നിന്നും പിരിച്ചുവിടപ്പെട്ടവർ

299 [2356] ശ്രീമതി രാധാരാഘവൻ:
ശ്രീ. തമ്പാനൂർ രവി:
" എൻ. ഡി. അപ്പച്ചൻ:
" എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മുഖാന്തിരം പൊതുമരാമത്ത് വകുപ്പിലെ ആർക്കിടെക്ച്ചറൽ വിഭാഗത്തിൽ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്ട്സ്മാൻ തസ്തികയിൽ 2002-ൽ നിയമനം ലഭിച്ച എത്ര പേരെ പിരിച്ചുവിട്ടു; പിരിച്ചുവിടപ്പെട്ടവർ ആരെല്ലാം;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഇവരുടെ റാങ്ക് എത്രയായിരുന്നു ഇവരെ പിരിച്ചുവിടാനുണ്ടായ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇവരെ പിരിച്ചുവിട്ടശേഷം പ്രസ്തുത തസ്തികയിലെത്ര ഒഴിവുണ്ടായി ആ ഒഴിവുകളിൽ നിയമനം നടത്തിയോ എങ്കിൽ എപ്രകാരമാണ് നിയമനം നടത്തിയതെന്നും ആരെയൊക്കെയാണ് നിയമിച്ചതെന്നും അറിയിക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly